6. കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും അയച്ച 495 പി.പി.ഇ. കിറ്റുകൾ ആശുപത്രികൾക്ക് വിതരണം ചെയ്തു. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ആശുപത്രികളിൽ മോക്ക് ഡ്രില്ലുകൾ നടത്തി. ഹജ്ജ് തീർത്ഥാടന കാലത്ത് നിരീക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടായിരുന്നു.

7. യാത്രക്കാരുടെ സഹായത്തിന് ഹെൽപ്പ് ലൈൻ നമ്പർ ദിശ 1056/0471-2552056 ഏർപ്പെടുത്തി.

8. ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഈ പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് നടത്തുന്നുണ്ട്.

ഗാമാ സ്കാൻ സംവിധാനം

16 (723) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മെഡിക്കൽ കോളേജുകൾ, ക്യാൻസർ സെന്റർ ഇവയിൽ ഗാമാ സ്കാൻ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച ശിപാർശകൾ പരിഗണനയിലുണ്ടോ;

(സി) ഏതെങ്കിലും കമ്പനികൾ ഇതുസംബന്ധിച്ച് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ?

ഉത്തരം

(എ-സി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജാശുപത്രിയിൽ ഗാമാ സ്കാൻ സംവിധാനം സ്ഥാപിക്കുന്നതിനായുള്ള ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ഗാമാ ക്യാമറ സ്കാൻ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. മലബാർ ക്യാൻസർ സെന്ററിൽ ഗാമാ ക്യാമറ സ്കാൻ (SPECT/CT) സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഗ്ലോബൽ ടെണ്ടർ വിളിച്ചിട്ടുണ്ട്.

ആഭരണത്തൊഴിലാളി ക്ഷേമനിധി

17 (724) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആഭരണ തൊഴിലാളി ക്ഷേമനിധിയിൽ ചേർന്നിട്ടുള്ള അംഗങ്ങൾക്ക് RSBY/ചിസ് പദ്ധതിയിൽ ചേരുവാൻ നിലവിൽ തടസ്സമുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly